(ബി) പ്രസ്തുത ബ്ലോക്ക് പഞ്ചായത്തുകൾക്ക് ഇപ്പോൾ നാലാം ഗഡു തുക അനുവദിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ ?

ഉത്തരം

(എ) യഥാസമയം അപേക്ഷ സമർപ്പിക്കാതിരുന്നതിനാൽ (31-3-2000 വരെ) കുറ്റിപ്പുറം, പേരാമ്പ്ര, ബാലുശ്ശേരി, ഇരിക്കൂർ എന്നീ ബ്ലോക്ക് പഞ്ചായത്തുകൾക്ക് നാലാം ഗഡു തുക നൽകിയിട്ടില്ല.

(ബി) ഇരിക്കൂർ ബ്ലോക്കിന് മുൻവർഷം നൽകേണ്ട നാലാം ഗഡു തുക നൽകുന്ന കാര്യം പരിഗണനയിലാണ്. കുറ്റിപ്പുറം, പേരാമ്പ്ര, ബാലുശ്ശേരി എന്നീ ബ്ലോക്കുകൾക്ക് തുക നൽകുന്ന കാര്യം പരിഗണനയിൽ ഇല്ല.

ജനകീയാസൂത്രണ പദ്ധതികൾക്കായി ചെലവാക്കിയ തുക

79 (1334) ശ്രീ. ചെർക്കളം അബ്ദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സർക്കാർ ജനകീയാസൂത്രണ പദ്ധതികൾ നടപ്പിലാക്കുന്നതിനായി എത്ര തുക ചെലവാക്കിയിട്ടുണ്ട് ;

(ബി) ഓരോ വർഷവും എത്ര തുക വീതം ചെലവഴിച്ചു എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ)	ഗ്രാമപഞ്ചായത്തുകൾ	1,45,353.387 ലക്ഷം രൂപ
	ബ്ലോക്ക് പഞ്ചായത്തുകൾ	2,69,45,81,419 രൂപ
	നഗരസഭകൾ	40,556.92 ലക്ഷം രൂപ

ജില്ലാ പഞ്ചായത്തുകളെ സംബന്ധിച്ച വിവരം ശേഖരിച്ചു വരുന്നു

(ബി) അനുബന്ധമായി ചേർത്തിട്ടുണ്ട്.†

ഫ്ളാറ്റുകളുടെ സുരക്ഷിതത്വം ഉറപ്പാക്കാൻ നടപടി

80 (1337) ശ്രീ. പി. പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വ്യാപകമായി പണിതുയർത്തുന്ന ഫ്ളാറ്റുകളുടെ സുരക്ഷിതത്വം സർക്കാർ പരിശോധിച്ചിട്ടുണ്ടോ ;

(ബി) കൊച്ചി, എറണാകുളം തുടങ്ങിയ സ്ഥലങ്ങളിൽ കായൽ നികത്തിയും ചതുപ്പുനിലം നികത്തിയും പണിയുന്ന ഫ്ളാറ്റുകൾ സുരക്ഷിതമാണെന്ന് ഉറപ്പു വരുത്തിയിട്ടുണ്ടോ ;

---

† അനുബന്ധം VIII

LIBRARY ARCHIVES Kerala Legislative Assembly

(സി) സംസ്ഥാനത്ത് അടിക്കടി ആവർത്തിക്കപ്പെടുന്ന ഭൂചലനങ്ങൾ കണക്കിലെടുത്ത് ബഹുനിലമന്ദിരങ്ങൾ ജാപ്പനീസ് മാതൃകയിൽ ഭൂചലന പ്രതിരോധ സാങ്കേതിക വിദ്യ ഉപയോഗിച്ചു പണിയുവാൻ നിയമനിർമ്മാണം നടത്തുമോ ?

ഉത്തരം

(എ&ബി) സംസ്ഥാനത്ത് വ്യാപകമായി പണിതുയർത്തുന്ന ഫ്ളാറ്റുകളുടെ സുരക്ഷിതത്വം പരിശോധിക്കുവാൻ ഇപ്പോൾ സംവിധാനം ഇല്ല. എന്നാൽ അപേക്ഷയോടൊപ്പം തന്നെ സുരക്ഷിതത്വം സംബന്ധിച്ച സ്ട്രച്ചറൽ സ്റ്റബിലിറ്റി സർട്ടിഫിക്കറ്റ് കൂടി ഹാജരാക്കിയാലേ പെർമിറ്റ് നൽകാൻ പാടുള്ളൂവെന്ന് ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(സി) ബഹുനിലമന്ദിരങ്ങൾ നിർമ്മിക്കുന്നതിനുള്ള അപേക്ഷയോടൊപ്പം സ്ട്രച്ചറൽ ഡിസൈനു പുറമെ നാഷണൽ ബിൽഡിംഗ്സ് കോഡിൽ പ്രതിപാദിക്കുന്ന തരത്തിൽ സീസ്മിക് ഫോഴ്സ് സംബന്ധിച്ച ഡിസൈനും ഡ്രായിംഗും കൂടി സമർപ്പിക്കണമെന്ന് ചട്ടങ്ങൾ ഭേദഗതി ചെയ്ത് വ്യവസ്ഥ ചേർത്തിട്ടുണ്ട്. കൂടാതെ സർക്കാർ ഇതിനെക്കുറിച്ച് വിശദമായ പഠനം നടത്താൻ ഒരു കമ്മിറ്റി ഉണ്ടാക്കുവാനും ഉദ്ദേശിക്കുന്നുണ്ട്. ടി കമ്മിറ്റിയുടെ വിദഗ്ദ്ധമായ അഭിപ്രായം കിട്ടിയതിനുശേഷം കൂടുതൽ നിയമനിർമ്മാണം നടത്തുന്ന കാര്യം പരിഗണിക്കുന്നതാണ്.

സ്വാഭിമാൻ പദ്ധതിപ്രകാരം ഹഡ്കോ നൽകുവാനുള്ള തുക തടഞ്ഞു വയ്ക്കുവാൻ കാരണം

81 (1346) ശ്രീ. വി. ബാലറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വാഭിമാൻ പദ്ധതി പ്രകാരം നൽകുന്ന വീടുകൾക്ക് ഉപഭോക്താവിന്റെ വിഹിതവും പഞ്ചായത്ത് വിഹിതവും നൽകിയിട്ടും ഹഡ്കോ മേൽ പദ്ധതിക്കായി പഞ്ചായത്തുകൾക്ക് തുക അനുവദിക്കാത്ത വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത് പ്രകാരം എത്ര പഞ്ചായത്തുകൾക്ക് സ്വാഭിമാൻ പദ്ധതി പ്രകാരം തുക നൽകുവാനായി ബാക്കി ഉണ്ടെന്ന് വ്യക്തമാക്കാമോ ; ഇത് എത്ര പഞ്ചായത്തുകളിൽ ഉണ്ടെന്നും എത്ര ഉപഭോക്താക്കൾക്ക് തുക കൊടുക്കുവാനുണ്ടെന്നും ഈ ഇനത്തിൽ എത്ര രൂപ ലഭിക്കുവാൻ ഉണ്ടെന്നും ജില്ല തിരിച്ചു വ്യക്തമാക്കാമോ ;

(സി) ഹഡ്കോ സ്വാഭിമാൻ പ്രകാരം നൽകുവാനുള്ള തുക തടഞ്ഞു വയ്ക്കുവാനുള്ള കാരണം വ്യക്തമാക്കുമോ ;

(ഡി) നിർദ്ധനവിഭാഗത്തിൽപ്പെട്ട ആളുകൾക്ക് വീട് പണിയുന്നതിനായി ഇക്കാര്യത്തിൽ സർക്കാർ എന്തു നടപടിയാണ് സ്വീകരിച്ചിരിക്കുന്നത് എന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly